UNIVERSITY OF CALICUT
(DOA)

No: 133376/DOA-ASST-8/2025/Admn Dated,Calicut University P.O 28.07.2025

# വിജ്ഞാപനം

നാല്വ വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിലേക്കുള്ള, 2025 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അപേക്ഷ (ഓൺലൈൻ) ക്ഷണിച്ച് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുന്നു. കേരളത്തിലേയും , മറ്റ് സംസ്ഥാനങ്ങളിലെയും സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ ) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ 2024-25 ബാച്ചിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ ഒന്ന് , രണ്ട് സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും പാസായിരിക്കണം. ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനോടൊപ്പം മേജർ സ്വിച്ചിങ്ങും അനുവദിക്കുന്നതാണ്. മേജർ സ്വിച്ചിങ്ങിനായി തെരഞ്ഞെടുക്കുന്ന മൈനർ പേപ്പറിന് കുറഞ്ഞത് നാല് ക്രെഡിറ്റും , എം. ഡി. സി. പേപ്പറിന് കുറഞ്ഞത് മൂന്ന് ക്രെഡിറ്റും വിദ്യാർത്ഥി നേടിയിരിക്കണം.ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ്ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 28.07.2025 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 04.08.2025 5 p.m |
| അപേക്ഷ ഫീസ് | SC/ST : Rs. 205/-<br>Others : Rs. 495/- |

സ്വയംഭരണ പദവിയില്ലാത്ത അഫിലിയേറ്റഡ് കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേക്ക് മാത്രമാണ് സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനായി അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ സർവകലാശാലയ്ക്ക് കീഴിലുള്ള സ്വയംഭരണ കോളേജിലേക്ക് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ വഴി പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ടി കോളേജുകളിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓപ്പൺ / ഡിസ്റ്റൻസ് മോഡിൽ മറ്റ് സർവകലാശാലകളിലെ ഹോണേഴ്സ് ബിരുദ പ്രോഗ്രാമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ബിരുദ പ്രോഗ്രാമിന് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയില്ലയെന്ന് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയാൽ അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം സർവകലാശാലയ്ക്ക് ഉണ്ടായിരിക്കും. അപൂർണ്ണവും , തെറ്റായ വിവരങ്ങളോടെ സമർപ്പിക്കുന്ന അപേക്ഷകളും നിരസിക്കുന്നതാണ്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ / ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ / മേജർ സ്വിച്ചിങ് / ബിരുദ പ്രവേശനം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.

Dr. Denoj Sebastian

Registrar